ഗർഭസ്ഥ ശിശുക്കൾക്കും കുട്ടികൾക്കുമായി പ്രത്യേക ആരോഗ്യ പദ്ധതി

8 [*155] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗർഭസ്ഥ ശിശുക്കൾക്കും കുട്ടികൾക്കുമായി പ്രത്യേക ആരോഗ്യ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇതിന് സർക്കാർ ഇതര ഏജൻസികളുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഗർഭസ്ഥ ശിശുക്കൾക്കും കുട്ടികൾക്കുമായി പ്രത്യേക ആരോഗ്യ പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ലോകബാങ്ക് സഹായത്തോടെ പ്രജനന ശൈശവാരോഗ്യ പദ്ധതി (ആർ. സി. എച്ച്.) 1998 മുതൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. അഞ്ചുവർഷത്തേക്ക് 449.31 കോടി രൂപയുടെ രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ രണ്ടു വർഷത്തേക്ക് 76 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

(സി) ഉണ്ട്. ലോക ബാങ്ക് സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 1998 മുതൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഒന്നാം ഘട്ട പദ്ധതി 2005 മാർച്ചിൽ അവസാനിക്കുന്നതും രണ്ടാം ഘട്ടം 2005 ഏപ്രിൽ മുതൽ 2010 മാർച്ച് വരെയുള്ള കാലത്തേക്കുമാണ്.

ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവായിട്ടുള്ള സംഭവങ്ങൾ

9 [*156] ശ്രീ. പിരപ്പൻകോട് മുരളി :

,, ടി. കെ. ബാലൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തുണ്ടായ ഏതെല്ലാം സംഭവങ്ങളാണ് ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം ഏതെല്ലാം സംഭവങ്ങളെ സംബന്ധിച്ചിട്ടുള്ള ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ഡി) പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിനുമുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത രജനിയുടെ മരണത്തെക്കുറിച്ച് സർക്കാർ ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത മരണത്തെക്കുറിച്ച് ഏതെങ്കിലും രീതിയിലുള്ള അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തുണ്ടായ താഴെ കൊടുക്കുന്ന സംഭവങ്ങൾ ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടിട്ടുണ്ട്:

(1) തിരുവനന്തപുരം, തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവയ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ജി. രാജേന്ദ്രൻ ആചാരി കമ്മിഷനെ നിയമിച്ചു.

(2) കോട്ടയം, കുമരകത്ത് 2002 ജൂലായിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മിഷനെ നിയമിച്ചു.

(3) കൊല്ലം, കുറ്റിണയിൽ ഉണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ്, റ്റി. കെ. ചന്ദ്രശേഖരദാസ് കമ്മിഷനെ നിയമിച്ചു.

(4) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ ജഡ്ജി ശ്രീ. തോമസ് പി. ജോസഫ് കമ്മിഷനെ നിയമിച്ചു.

(5) അടൂർ ഐ. എച്ച്. ആർ. ഡി. ഇഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണ കമ്മിഷനായി നിയമിച്ചു.

(6) പത്രപ്രവർത്തകർക്കുനേരെ അക്രമം ഉണ്ടായതായ ആരോപണത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിഷനെ നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. രാജപ്പൻ ആചാരി കമ്മിഷനും, ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മിഷനും, ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിഷനും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

(സി) തുമ്പ വെടിവെയ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മിഷൻ റിപ്പോർട്ട് ആഭ്യന്തര വകുപ്പ് പരിശോധിക്കുകയും റിപ്പോർട്ട് അംഗീകരിച്ചു കൊണ്ടും, ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിക്കൊണ്ടും 6-7-2004-ലെ ജി.ഒ.(എം)എസ്.)234/04/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപടി രേഖ സഹിതം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി 8-12-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കുമരകം ബോട്ടപകടത്തെക്കുറിച്ചന്വേഷിച്ച ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മിഷൻ റിപ്പോർട്ട് ഗതാഗത വകുപ്പ് പരിശോധിക്കുകയും ശുപാർശകൾ നടപ്പിലാക്കുകയും നടപടി രേഖസഹിതം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി 21-10-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കുപ്പണ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിഷൻ 16-9-2004-ന് അന്തിമറിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നികുതി വകുപ്പ് പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. ഇതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണകമ്മിഷനായി 23-12-2004-ലെ വിജ്ഞാപനപ്രകാരം നിയമിച്ചു. കമ്മിഷന്റെ അന്വേഷണവിഷയം, കാലാവധി എന്നിവ തീരുമാനിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. രജനിയുടെ മരണത്തെക്കുറിച്ച് ക്രൈം ബ്രാഞ്ച് എസ്. പി., വിൽസൺ കെ. ജോസഫ് അന്വേഷണം നടത്തിയിരുന്നു. ആത്മഹത്യയ്ക്ക് കാരണം സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു എന്നാണ് റിപ്പോർട്ട്.

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ

10 [*T157] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

,, കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) കരാർ പുതുക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരും തമിഴ്നാട് സർക്കാരും സംയുക്തമായി 2001 മേയ് മുതൽ ഇതുവരെ എത്ര പ്രാവശ്യം മന്ത്രിതല ചർച്ചകൾ നടന്നു ; ഈ ചർച്ചകളിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly